മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഈ ബിൽ ഇവിടെ കൊണ്ടുവന്നതിന്നുശേഷം കൊണ്ടുവന്നിട്ടുള്ള കേസിനും ബില്ലിന മുമ്പുള്ള കേസിനുംകൂടി റീട്രോസ്പെക്ടീവ് ഇഫക്ട് കൊടുത്താൽ കൊള്ളാമെന്ന എനിക്കപേക്ഷയുണ്ട്.

Mr. T. V. Subramania Ayyar *(Nemmara):* It is very inequitable to disturb the state of law by giving retrospective effect to an enactment. I cannot accept that. No amendment is also tabled. At the most it is only a pious wish.

Motion put and carried

Clauses 2 and 3 put and carried

Clause 1 put and carried

Title and Preamble put and carried

Mr. T. V. Subramania Ayyar *(Nemmara):* I move that the Bill may be taken up and finally passed tomorrow.

Mr. M. Sivarama Menon *(Advocate-General):* I second it.

Motion put and carried

2. The Cochin Christian Succession Act (Amendment) Bill—*(cont.)*

Mr. President: The House will now resume discussion on Mr. Moothedan's Cochin Christian Succession Act (Amendment) Bill introduced in the last Council.

മിസ്സിസ്സ് സി. ആർ. ഇയ്യണ്ണി: സർ, ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ അവതരിപ്പിച്ച ക്രസ്ത്യൻ പിൻതുടച്ചാവകാശഭേദഗതി ബില്ലിനോടു എനിക്കുള്ള പരിപൂർണ്ണമായ ആനുകൂല്യത്തെ പ്രകടിപ്പിക്കുവാൻ സൌകര്യം ലഭിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഇപ്രകാരം ഒരു ബിൽ അവതരിപ്പിച്ചതിൽ കൊച്ചിയുടെ സ്ത്രീകളുടെ പേരിൽ, പ്രത്യേകിച്ചു ക്രസ്ത്യൻ സമുദായത്തിലെ സ്ത്രീകളുടെ പേരിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചുകൊള്ളട്ടെ. സമുദായത്തിൽ സ്ത്രീകളും പുരുഷന്മാരും എന്ന വ്യത്യസ്ഥവിഭാഗങ്ങൾ ഒത്തൊരുമിച്ചു വർത്തിച്ചാലെ സമുദായത്തിന്ന പൊതുവെ പുരോഗതിയും അഭിവൃദ്ധിയും ഉണ്ടാകയുള്ളു. എന്നാലും ചിലപ്പോൾ പുരുഷസഹജമായ സ്വഭാവം മൂലം സ്ത്രീകൾ അബലകളാണെന്നും മറും പുരുഷന്മാർ പറയാറുണ്ട്. സ്വാതന്ത്ര്യത്തിന്നും സമത്വത്തിന്നും ലോകം മുറവിളി കൂട്ടുന്ന ഇക്കാലത്തു്, പുരുഷന്മാരോടൊപ്പം സ്വാതന്ത്ര്യവും സമത്വവും സ്ത്രീകൾക്കും വേണ്ടതാണല്ലൊ. ആ സമത്വം ആവശ്യമുള്ള കാര്യങ്ങളിലൊക്കെ ഉണ്ടായിരിക്കുകയും വേണം. ഏതാനും ചില കാര്യങ്ങളിൽ സമത്വവും മറു ചില കാര്യങ്ങളിൽ അസമത്വവും എന്ന പറയുന്നതത്ര പന്തിയല്ല. ജീവിക്കുവാനും വികസിക്കുവാനും വേണ്ട സ്വാതന്ത്ര്യത്തിന്നും സൌകര്യത്തിന്നുമുള്ള മുറവിളിയാണു് നമ്മുടെ ചുറുപാടുകളിൽനിന്നു് നാം കേൾക്കുന്നതു്. ജീവിക്കുവാനും വികസിക്കുവാനും ഉള്ള പരിതസ്ഥിതിക്കു് ഏറ്റവും ആവശ്യമായിട്ടുള്ളതു് സാമ്പത്തികസമത്വമാണു്. അതിനാൽ ശ്രീമാൻ മൂത്തേടന്റെ "സാമ്പത്തികസമത്വ"ത്തെ അടിസ്ഥാനപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയുള്ള ഈ ഭേദഗതി ബിൽ ഈ നിയമസഭ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഒരു കാലത്തു സ്ത്രീകൾക്കു സ്വാതന്ത്ര്യം പാടില്ലെന്നും മറവും പുരുഷന്മാർ പറഞ്ഞിരുന്നുവെങ്കിലും ഇന്നു് ആവക പഴഞ്ചൻ വാദങ്ങൾക്കൊന്നും സ്ഥാനമില്ലെന്നു ലോകസ്ഥിതിയറിഞ്ഞവക്കൊക്കെ അറിയാം. നമ്മുടെ ഭാരതത്തിൽതന്നെ രാഷ്ട്രീയമായും സാമുദായികമായും സാമ്പത്തികമായും ഉള്ള പരിവർത്തനങ്ങൾക്കു് നേതൃത്വം നല്കിവരുന്ന എത്ര മഹിളാമണികൾ ജീവിച്ചിരിക്കുന്നുണ്ടു്? അവരിൽ പേരും പെരുമയും നേടീട്ടുള്ള എത്രയോ മഹിളാരത്നങ്ങളെ സൃഷ്ടിക്കുവാനും, അവരുടെ പ്രസംഗങ്ങൾ മൂലം മാനസാന്തരപ്പെടുവാനും ഈ കൊച്ചു കൊച്ചിയിലുള്ള സ്ത്രീകൾക്കും പുരുഷന്മാക്കും ഭാഗ്യമുണ്ടായിട്ടുള്ള സ്ഥിതിക്കു ഞാൻ കൂടുതലായൊന്നും പ്രസ്താവിക്കുന്നില്ല.

ക്രിസ്ത്യൻ സമുദായത്തിൽ പരമ്പരാഗതമായിട്ടുള്ള പല സമ്പ്രദായങ്ങൾക്കും കാലോചിതമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടു്. ഒരു കാലത്തു മാതാപിതാക്കന്മാരുടെ സ്വത്തുക്കളിന്മേൽ സ്ത്രീസന്താനങ്ങൾക്കു് എന്തെങ്കിലും അവകാശം ഉണ്ടായിരുന്നുവൊ എന്നുകൂടി പറവാൻ വയ്യാ. ക്രമേണ അതു മാറി, സ്വത്തിൽ മൂന്നിലൊരു ഭാഗത്തിന്നു് അവർ അവകാശികളായിത്തീർന്നു. സ്വാതന്ത്ര്യമായി വ്യാപരിച്ചും മറവും ജീവിക്കുവാനൊ, ധനം സമ്പാദിക്കുവാനൊ ഉള്ള യൌകര്യം ക്രിസ്ത്യീയവനിതകൾക്കില്ല. ജീവിക്കുവാനുള്ള അവരുടെ ചിലവു, പുരുഷന്മാരുടേതിനേക്കാൾ അധികമാണതാനും. അതിനാൽ രക്ഷിതാക്കന്മാരുടെ സ്വത്തുക്കളിൽ സമമായകാശമെങ്കിലും അവക്കു ലഭിക്കാത്തപക്ഷം അവരുടെ പുരോഗതി സാദ്ധ്യമല്ലതന്നെ. പൊതുവെ ക്രിസ്ത്യൻ വനിതകൾ, പ്രത്യേകിച്ചു കത്തോലിക്കർ പുരോഗമിച്ചു കാണാത്തതിൽ ഒളിഞ്ഞുകിടക്കുന്നതു ഈ സംഗതിയല്ലെ എന്നുകൂടി ഞാൻ സംശയിക്കുന്നു. സാമ്പത്തികസമത്വം സിദ്ധിച്ചുകഴിഞ്ഞാൽ അവരും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുവരുന്നതു് നമുക്കു കാണാം. മറവ ചില സമുദായങ്ങളിലെ സ്ത്രീകൾ ഉൽകൃഷ്ടവിദ്യാഭ്യാസത്തിലും മറവും പുരോഗതി പ്രാപിച്ചിട്ടുള്ളതു് അവരുടെ സാമ്പത്തികസമത്വസമ്പ്രദായംമൂലമല്ലെ എന്നുകൂടി ഞാൻ ബലമായി സംശയിക്കുന്നു. ഈ നിയമനിർമ്മാണത്തിന്നു മുമ്പുണ്ടായിരുന്ന ഒരു കമ്മിറ്റിയിലെ അംഗങ്ങളിൽപ്പെട്ട ശ്രീമാന്മാർ പി. ഐ. വർഗ്ഗീസ്സ്, വി. ഡി. ഔസേപ്പ്, ഫാദർ നിലവരത്തു് മുതലായവർ സ്ത്രീ സന്താനങ്ങൾക്കു് സമമായ ഓഹരി കൊടുക്കേണമെന്നു് ഏകദേശം ൨൦ കൊല്ലങ്ങൾക്കു മുമ്പുതന്നെ അഭിപ്രായപ്പെട്ടിരുന്നു. മൂന്നിൽ ഒന്നു നിർണ്ണയിച്ചതുതന്നെ അവരുടെയൊക്കെ അഭിപ്രായങ്ങളെ സമാദരിച്ചുകൊണ്ടായിരിക്കാം.

ആ നിയമത്തിന്നുശേഷം നാം ൨൦ കൊല്ലം മുന്നോട്ടുപോയിട്ടുണ്ടു്. ഈ ൨൦ കൊല്ലങ്ങൾക്കിടയിൽ നമ്മുടെ നാട്ടിൽ തന്നെ ഉണ്ടായിട്ടുള്ള പരിവർത്തനങ്ങൾ എന്തൊക്കെയാണെന്നു ഈസഭയിലെ ബഹുമാനപ്പെട്ട സാമാജികന്മാക്കറിവുള്ളതാണു്. വാസ്തവം പറയുകയാണെങ്കിൽ ഈ ഭേദഗതിബിൽ ഇതിനെത്രയോമുമ്പു് അവതരിപ്പിച്ചു പാസ്സാക്കേണ്ടതായിരുന്നു. ഒരു സമയം കത്തോലിക്കാ സ്ത്രീകളെ ബാധിച്ചിട്ടുള്ള പൊതുകായ്പ്രസക്തിയില്ലായ്മയുടെ ഫലമായിട്ടായിരിക്കാം അങ്ങിനെ വരാതിരുന്നതു്. ഈ ഭേദഗതി അനുകൂലിക്കുന്നതിന്നു ആ ഒരു സംഗതി തന്നെ പ്രത്യക്ഷമായ ഒരു തെളിവായി ബഹുമാനപ്പെട്ട സാമാജികന്മാർ സ്വീകരിക്കണം.

സ്ത്രീ വിദ്യാഭ്യാസത്തിലും മറവും ഭാരതത്തിന്നൊട്ടാകെ ഒരു മാതൃകയായിതീർന്നിട്ടുള്ള ഈ കൊച്ചീരാജ്യം, അതിന്റെ പാരമ്പര്യത്തേയും സംസ്കാരത്തേയും

LIBRARY ARCHIVES Kerala Legislative Assembly

ഓത്തു്, കാലോചിതമായ ഈ ഭേദഗതി ബില്ലിനെ താലോലിക്കുമെന്നതന്നെയാണു് എന്റെ വിനീതമായ അഭിപ്രായം. വേണ്ടെ കാര്യങ്ങൾ വേണ്ടപ്പെട്ട സമയങ്ങളിൽതന്നെ പ്രവൃത്തിച്ചു കീർത്തി നേടീട്ടുള്ള കൊച്ചി ഗവമ്മെണ്ടും, അതിനെ നിയന്ത്രിച്ചുവരുന്ന ഈ സഭയുടെ അദ്ധ്യക്ഷനും നമ്മുടെ ദിവാൻജിയുമായ സർ ഷൺമുഖം ചെട്ടിയവർകളും ഇതിനോടു പൂർണ്ണമായും അനുകൂലിക്കുമെന്നുമുള്ള എന്റെ വിശ്വാസത്തേയും ഞാൻ ഈ സഭ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

"ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നും മറ്റുമുണ്ടായിരുന്ന സ്വാർത്ഥികളായ പുരുഷന്മാരുടെ പഴഞ്ചൻ പുരാണവചനങ്ങൾക്കു് ഇപ്പോഴല്ല, എത്രയോ മുമ്പുതന്നെ കാലഹരണതടസ്ഥംവന്നുകഴിഞ്ഞിരിക്കുന്നു. ആ വക വാദമുഖങ്ങൾക്കൊന്നും ഇന്നത്തെ ലോകത്തിൽ സ്ഥാനമില്ല. അതിനാൽ സ്ത്രീകളുടെ ന്യായമായ അവകാശത്തെമാത്രം വകവെച്ചുതരുവാനുള്ള അവരുടെ ന്യായവും മിതവുമായ ആവശ്യത്തെ അവരുടെ പ്രതിനിധി എന്ന നിലയിൽ ഞാൻ ഈ സഭ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, മിസ്റ്റർ മൂത്തേടൻ അവതരിപ്പിച്ചിട്ടുള്ള ഈ ക്രിസ്ത്യൻ പിൻതുടച്ചവകാശ ഭേദഗതി ബിൽ ക്രിസ്ത്യാനി സമുദായത്തെ സാരമായ വിധത്തിൽ സ്പർശിക്കുന്ന ഒരു ബില്ലാണെന്നുള്ളതു് ഏവരും നിസ്സംശയം സമ്മതിക്കുന്നതാണു്. ഈയവസരത്തിൽ ക്രിസ്ത്യാനികളുടെ സാമ്പത്തിക നില, അവരുടെ അഭിവൃദ്ധിക്കുള്ള കാരണം, അവരുടെ സമുദായത്തിൽ നിലവിലുള്ള നടപടി, മുമ്പിലത്തെ നിയമം എന്നീ സംഗതികളെ സംബന്ധിച്ചു് നല്ലവണ്ണം ചിന്തിക്കേണ്ടതായിട്ടുണ്ടു്. മറ്റു സമുദായങ്ങളെ അപേക്ഷിച്ചു നോക്കുന്നതായാൽ ക്രിസ്ത്യാനി സമുദായം കച്ചവടം, വ്യവസായം എന്നീ വിഷയങ്ങളിൽ ഒരു പ്രധാന സ്ഥാനം അർഹിക്കുന്നുണ്ടെന്നുള്ളതു് ആരും സമ്മതിക്കുന്നതാണു്. കച്ചവടം, വ്യവസായം എന്നീ വിഷയങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ക്രിസ്ത്യാനി സമുദായത്തിന്റെ മുതൽ അധികപക്ഷവും നാണയമായിട്ടായിരിക്കുവാനാണു് എളുപ്പവും അവകാശവും സാധാരണ കണ്ടുവരാറുള്ളതും. പ്രത്യേകിച്ചു് പട്ടണങ്ങളിൽ അവരുടെ സ്വത്തു് സ്ഥാവരവസ്തുക്കളേക്കാൾ നാണയമായിരിക്കുവാനാണു് വഴിയുള്ളതു്. അങ്ങിനെയുള്ള ഒരു സമുദായത്തിന്റെ അവകാശക്രമത്തെപ്പറ്റിയാണു് ഇവിടെ ഈ ബിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു്. നേരെമറിച്ചു് അവരുടെ പ്രവൃത്തി കച്ചവടമൊ വ്യവസായമൊ അല്ലാതിരിക്കുകയും, അവരുടെ സ്വത്തുക്കളെല്ലാം സ്ഥാവരങ്ങളായിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ പക്ഷെ ഈ സമാവകാശം സ്ത്രീകൾക്കും പുരുഷന്മാക്കും കൊടുക്കുന്നതുകൊണ്ടു് വലിയ വിഷമം നേരിടുകയില്ലെന്നു സമ്മതിക്കാം. എന്നാൽ കച്ചവടത്തിലും വ്യവസായത്തിലും എതാണ്ടു് ഒരു സ്ഥാനം വഹിക്കുന്ന ഈ ക്രിസ്തീയ സമുദായത്തിന്റെ മേൽഗതിക്കു ഈ ബിൽ പ്രതിബന്ധമായിട്ടാണിരിക്കുന്നതു്. ഒരു കുടുംബത്തിലെ സ്വത്തിൽ വലിയൊരു പങ്കു് അന്യ കുടുംബത്തിലേക്കു പോകുകയെന്നു വരുമ്പോൾ തീച്ചയായിട്ടും അങ്ങിനെയുള്ള കുടുംബങ്ങൾ ക്രമേണ അധഃപതിക്കുവാനെ വഴിയുള്ളുവെന്നുള്ളതിനു് സംശയമില്ല.

മിസ്റ്റർ വി. ജെ. മത്തായി: മരണപത്രം എഴുതിവെച്ചാൽ പോരെ?

മിസ്സിസ്സു് തങ്കമ്മ എൻ. മേനോൻ: മറേറ കുടുംബത്തിൽ നിന്നു് അതു പോലെ ഇങ്ങോട്ടും കിട്ടുകയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു വാസ്തവംതന്നെയാണു്. എക്സു് എന്ന ഒരു കുടുംബമുണ്ടെങ്കിൽ ആ കുടുംബത്തിൽനിന്നു് അതിലെ തലവൻ ഒരു ലക്ഷം

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പിക്കയോളം ഇറക്കി ഒരു വ്യാപാരം നടത്തുന്നുവെന്നു വിചാരിക്കുക. അയാൾക്കു് രണ്ടു ആൺ മക്കളും ഒരു പെൺകുട്ടിയും ഉണ്ടെന്നിരിക്കട്ടെ. അങ്ങിനെയിരിക്കെ വ്യാപാരം തുടങ്ങിയ ആ പിതാവു് ഏതാനുംകാലം കഴിഞ്ഞു മരിക്കുകയാണെങ്കിൽ തീച്ചയായും മരിക്കുന്നതിനു മുമ്പുതന്നെ ആ പെൺകുട്ടിയെ വിവാഹം കഴിച്ചുകൊടുത്തിട്ടുണ്ടായിരിക്കും. ആ നിലയിൽ അവൾ അന്യ കുടുംബത്തിലെ അംഗമായിത്തീരുകയും ചെയ്യും. എന്നാൽ ആൺ മക്കളാകട്ടെ രണ്ടുപേരുംകൂടി യോജിച്ചു് ആ കച്ചവടം ശരിക്കു നടത്തിക്കൊണ്ടു പോയി എന്നു വരും. ആ കച്ചവടത്തിൽ അവർ രണ്ടുപേരുടേയും ദൃഷ്ടി പതിയുകയും ചെയ്യും. നേരെമറിച്ചു് ആ കുടുംബത്തിൽനിന്നു് കല്യാണം കഴിച്ചു് അന്യ കുടുബത്തിലേക്കു പോയിട്ടുള്ള പെൺകുട്ടിക്കു് വാസ്തവത്തിൽ തന്റെ ആങ്ങളമാരോടു് വളരെ അനുഭാവമുണ്ടെങ്കിൽതന്നെയും ഭർത്താവിന്റെ വരുതിയും കല്പനയും അനുസരിച്ചല്ലാതെ നടക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ഒരുപക്ഷെ അവരുടെ ശരിയായ ഓഹരിക്കു് നിബ്ബന്ധിക്കുവാൻ സംഗതിയാകും. അങ്ങിനെവരുമ്പോൾ ഒരു വലിയ സംഖ്യ ഈ ആൺമക്കൾക്കു് അവരുടെ കച്ചവടത്തിൽനിന്നു് പിൻവലിക്കേണ്ടിവരികയാണെങ്കിൽ തീർച്ചയായും അതു് കച്ചവടത്തിനു വളരെ ദോഷമായിരിക്കുന്നതാണു്. സ്ത്രീകൾക്കു് തങ്ങളുടെ പിതാവിന്റെ പണത്തിൽ അവകാശമുണ്ടെന്നു പറഞ്ഞാൽ തന്നെയും ഈ തരത്തിൽ കേമമായി നടത്തിവരുന്ന ഒരു കച്ചവടത്തിൽനിന്നും സംഖ്യ എടുക്കേണ്ടിവരുന്നുവെങ്കിൽ അതു് ആ കച്ചവടത്തിന്റെ ക്രെഡിറ്റിനു സാരമായ ദോഷം തട്ടുന്നതായിരിക്കും. നേരെമറിച്ചു് സഹോദരന്മാരാണെങ്കിൽ അവർ അധികവും ഒരേ വീട്ടിൽതന്നെ താമസിക്കുന്നവരായിരിക്കും.

മിസിസ്സു് തങ്കമ്മ എൻ. മേനോൻ: സഹോദരന്മാരും ഭാഗം ചെയ്യാറില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഭാഗം ചെയ്താലും വ്യവസായങ്ങളും കച്ചവടങ്ങളും അവക്കു കൂട്ടായി നടത്തുന്നതിനു വിരോധമില്ല. അവരുടെ സ്വത്തുക്കളെല്ലാം സ്ഥാവരവസ്തുക്കളാണെന്നുള്ളപക്ഷം യാതൊരു വിരോധവുമില്ല. കച്ചവടത്തിൽ പത്തിരുപതിനായിരം ഉറുപ്പിക ഇറക്കീട്ടുണ്ടെങ്കിൽ പെട്ടെന്നു് അതിൽനിന്നു് ഒരു രണ്ടായിരം ഉറുപ്പിക പിൻവലിക്കേണ്ടിവന്നാൽ ആ കച്ചവടം ദോഷമായി പരിണമിക്കുവാനാണു് എളുപ്പമുള്ളതു്. ഇപ്പോൾ തൃശ്ശിവപേരൂരിൽ ചാക്കോളാ ലോനപ്പൻ എന്ന ആൾ ഉണ്ടു്. അയാൾ ഒരു വലിയ പണക്കാരനാണു്. അയാൾ വലിയ കച്ചവടം നടത്തുന്നുമുണ്ടു്. അയാൾക്കെതിരായി ഇന്നു് കൊച്ചിയിൽ ഒരു കച്ചവടവും നടക്കുന്നില്ല. ശീമയിൽനിന്നുകൂടി അയാൾ സാമാനങ്ങൾ വരുത്തിയാണു് കച്ചവടം നടത്തുന്നതു്. അതെല്ലാം തൃശ്ശിവപേരൂരിൽ മാത്രമല്ല. മറ്റനേകം സ്ഥലങ്ങളിലും അയാൾ വിതരണം ചെയ്യുന്നുണ്ടു്. എന്നാൽ ആ ലോനപ്പന്റെ പിൻഗാമികൾ വരുമ്പോൾ അവക്കു ഇതുപോലെ കച്ചവടം നടത്താമെന്നു വിചാരിച്ചാൽ സാധിക്കുകയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ക്രൈസ്തവന്മാരായുള്ളവരെല്ലാം കച്ചവടക്കാരാണോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മറ്റു സമുദായങ്ങളെ അപേക്ഷിച്ചു് ക്രൈസ്തവന്മാർക്കു ഈ വിഷയത്തിൽ കൂടുതൽ വൈഷമ്യങ്ങളുണ്ടെന്നാണു് ഞാൻ പറയുന്നതു്. മറ്റു സമുദായങ്ങളുടെ നിലയാണു് ഈ സമുദായത്തിനുണ്ടായിരുന്നുതെങ്കിൽ ഈ ബില്ലിന്റെ കാര്യം ഈ നിലയിൽ വീക്ഷിക്കാവുന്നതാണു്. ഡോക്ടർ മേനോൻമുതലായവർ പറയുന്നതു് സ്ത്രീകൾക്കും പുരുഷന്മാർക്കും സ്വത്തിൽ സമാവകാശംകൊടുക്കണമെന്നാണു്. എന്നാൽ അവരുടെ സമുദായത്തിന്റെ സമ്പ്രദായവും ക്രൈസ്ത

LIBRARY ARCHIVES Kerala Legislative Assembly

നി സമുദായത്തിന്റെ സമ്പ്രദായവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. നായർ സമുദായത്തിൽ സ്ത്രീകളുടെ കുടുംബം നിലനിറുത്തണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഇപ്പോഴും നടന്നുവരുന്നതും അങ്ങിനെയാണു്. പെൺവഴിയാണു് അവർ സ്വീകരിച്ചിട്ടുള്ള സിസ്റ്റം. അതിനെ അടിസ്ഥാനപ്പെടുത്തിയാണു് അവർ പിൻതുടച്ചാവകാശം നിയന്ത്രിക്കുന്നതു്. ക്രസ്ത്യാനികളുടെയിടയിൽ പുരുഷസന്താനങ്ങളുടെ അവകാശക്രമമാണു് ക്രൂടതൽ നിലനിറുത്തേണ്ടതു്. അതനുസരിച്ചാണു് ഞാൻ പുരുഷന്മാക്കു ക്രൂടതൽ അവകാശമുണ്ടായിരിക്കണമെന്നു് സിദ്ധാന്തിക്കുന്നതു്. മിസ്റ്റർ വർഗീസു് മുതലായവരടങ്ങിയ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പുരുഷപാരമ്പര്യം നിലനിറുത്തുവാനുള്ള ശ്രമമാണു കാണുന്നതു്. നായർ സമുദായത്തിൽ സ്ത്രീവഴി നിലനിറുത്തണമെന്നു പറയുന്നതുപോലെയാണു് ക്രസ്ത്യാനി സമുദായത്തിൽ പുരുഷവഴി നിലനിറുത്തണമെന്നു പറയുന്നതു്. ഇനി ഒരു സംഗതിക്രൂടി എനിക്കു പറയുവാനുണ്ടു്. ഒരു തറവാട്ടിൽ പിതാവിനോടുക്രൂടി മിക്കവാറും അടുത്തു നിൽക്കുന്നതു് സാധാരണയായി ആൺമക്കളാണു്. പെൺമക്കളാകട്ടെ പ്രായപൂർത്തിവരുമ്പോൾ വിവാഹം കഴിഞ്ഞു് അന്യകുടുംബത്തിലേക്കു പോകും. മിക്കവാറും അങ്ങിനെയാണെങ്കിലും കുറേപേരെ ഉണ്ടാകയുള്ളു. അവർ വിവാഹം കഴിച്ചു് മറെറാരു കുടുംബത്തിലേക്കു പോകുകയും ചെയ്യും. അവർ ആ കുടുംബത്തിന്റെ അഭിവൃദ്ധിക്കും ശ്രേയസ്സിനും വേണ്ടിയായിരിക്കും പിന്നീടു് ആഗ്രഹിക്കുന്നതു്. അതായിരിക്കും അവരുടെ താല്പര്യമായി പരിണമിക്കുന്നതു്. എന്നാൽ പുരുഷന്മാരാകട്ടെ തന്റെ പിതാവിനോടുക്രൂടി നിന്നു് പിതാവിന്റെ മുതൽ വർദ്ധിപ്പിക്കുവാനായി പരിശ്രമിക്കുന്നു. അങ്ങിനെ പരിശ്രമിച്ചു് അവർ പിതാവിന്റെ മുതൽ വർദ്ധിപ്പിക്കുന്നു. ലിംഗഭേദം ക്രൂടാതെ സ്ത്രീകൾക്കും പുരുഷന്മാക്കും സമാവകാശം കൊടുക്കണമെന്നും ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും കാര്യത്തിൽ മാതാപിതാക്കന്മാർ വ്യത്യാസം ചെയ്യരുതെന്നുമെല്ലാം പറയുന്നതു് സാധാരണ ലോകനീതിയെ അടിസ്ഥാനപ്പെടുത്തി മാത്രമാണു്. അതുപോലെയുള്ള ഒരു ലോകനീതിയാണു് പ്രയത്നം ചെയ്യുന്നവർക്കുള്ള കൂലി കൊടുക്കണമെന്നു പറയുന്നതും. പിതാവിനോടുക്രൂടിയിരുന്നു് മുതൽ പിന്നെയും അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ടി തന്റെ സമയവും ശക്തിയും മുഴുവൻ ഉപയോഗിച്ചു് പരിശ്രമിക്കുകയും പിന്നീടു പിതാവിന്റെ മരണശേഷം അതിലേക്കു് പ്രത്യേകമായ ഒരവകാശം പുരുഷനു കൊടുക്കേണ്ടതില്ലെന്നു പറയുകയും ചെയ്യുന്നപക്ഷം വാസ്തവത്തിൽ അതുതന്നെയാണു് ലോകനീതിക്കു വിരുദ്ധമായിട്ടുള്ളതു്. ഈ രണ്ടു സംഗതികളും ആലോചിച്ചാൽ സ്ത്രീകളേക്കാൾ ക്രൂടുതൽ അവകാശം പുരുഷന്മാർക്കു ലഭിക്കേണ്ടതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ക്രസ്ത്യാനി സമുദായത്തിൽ പുരുഷസന്താനങ്ങളാണു് അപ്പനോടു ക്രൂടിനിന്നു് അപ്പന്റെ മുതൽ വർദ്ധിപ്പിക്കുന്നതു്. അതുകൊണ്ടു് പുരുഷന്മാർ പ്രായപൂർത്തിവരുമ്പോൾ അപ്പന്റെ മുതൽ സമമായി ഭാഗിച്ചുവെന്നു വരുന്നതല്ല. കല്യാണബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരു പിതാവിന്റെ മക്കളാണെങ്കിൽ അവർ ഭാഗിച്ചുപോയി എന്നു വരികയില്ല. മറെറാരുസ്ഥലത്തു് തങ്ങളുടെ ഉപജീവനമാർഗ്ഗം നേടണമെങ്കിൽ ഭാഗിച്ചുപോകുന്നതുകൊണ്ടു വിരോധമില്ല. ആ വക സംഗതികളെല്ലാം അപ്പന്റെ മരണശേഷം മാത്രമെ ബാധകമാകയുള്ളു. മറെറ സമുദായങ്ങളുടെ അവകാശക്രമത്തിലും ക്രസ്ത്യാനി സമുദായത്തിലെ അവകാശക്രമത്തിലും വളരെ വ്യത്യാസമുണ്ടു്. ആൺമക്കളുടെ പ്രയത്നവും ബുദ്ധിമുട്ടും കഷ്ടതയും നോക്കാതെ പെൺമക്കൾക്കു സമാവകാശം കൊടുക്കണമെന്നു് പറയുന്നതു് ലോകനീതിക്കു ചേരുന്നതല്ല. ഈ ഒരു സംഗതിയാണു് എനിക്കു പ്രധാനമായി പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* How do you differentiate the amount earned by the father by his own exertions and the amount earned by the father with the help of the son's exertions?

Mr. T. P. Poulose *(Kanayannur):* The difficulty to differentiate makes the distribution difficult.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പ്രിയപ്പെട്ട മക്കൾക്ക എന്തെങ്കിലും കൊടുക്കുക യെന്നുള്ളതു പിതാവു ചെയ്യേണ്ടതാണു്. ആ കാര്യത്തെപ്പറ്റി തർക്കമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: വേറെ ഒരു കുടുംബത്തിലെ അപ്പനും മക്കളുംകൂടി സമ്പാദിച്ച മുതൽ ഇങ്ങോട്ടും കിട്ടുകയില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഞാൻ പ്രയത്നിച്ചു സമ്പാദിക്കുന്നതു കൊടുത്തിട്ടു അതിനുപകരം എന്റെ ഭാര്യ മറെറാരു കുടുംബത്തിൽനിന്നും കൊണ്ടുവരുന്നതു സമീകരിക്കാമെന്നു വിചാരിക്കുന്നതു് ശരിയല്ല.

മിസ്റ്റർ കെ. അയ്യപ്പൻ: പുരുഷനു വേണ്ടിയല്ല, അവിടെയും ഇവിടെയും സ്ത്രീയുടെ രക്ഷക്കുവേണ്ടിയാണു പറയുന്നതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആരാണു പ്രയത്നിക്കുന്നതു് അയാൾക്കു അതിനുള്ള കൂലി കിട്ടണമെന്നേ ഞാൻ പറയുന്നുള്ളൂ.

Dr. A. R. Menon *(Minister for Rural Development):* Daughters are also working. It is a joint family working jointly. Who cooks your food? Who looks after you?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: എനിക്കു പറയുവാനുള്ളതു് ഇതാണു്. സാധാരണയായിട്ടു പ്രായപൂർത്തി വരുന്നതുവരെ ആൺകുട്ടികളേയും പെൺകുട്ടികളേയും സംരക്ഷിക്കേണ്ട ചുമതല മാതാപിതാക്കന്മാർക്കുണ്ടു്. അതവർ ചെയ്യുന്നുമുണ്ടു്. വിവാഹം കഴിച്ചുകൊടുക്കുന്നതിനുമുമ്പുള്ള സ്വല്പകാലത്തേക്കു മാത്രമേ പെൺകുട്ടികൾ അപ്പന്റെ കൂടെ നില്ക്കുന്നുള്ളൂ. നായന്മാരുടെ ഇടയിൽ ഇതിനേക്കാൾ കുറെക്കൂടി നല്ല നിലയിലായിരുന്നു. പെൺവഴി നിലനിറുത്തണമെന്നുള്ളതാണു് നായർ സമുദായത്തിലെ താല്പര്യം. സ്ത്രീ തന്നെയാണു് കുടുംബത്തിലെ എല്ലാ കാര്യങ്ങളും അനേഷിക്കുന്നതു്. പുരുഷനു കുടുംബഭരണത്തിൽ സ്ഥാനമില്ല. നേരെമറിച്ചു് ആൺവഴിയാണു് ക്രിസ്ത്യാനികളുടെയിടയിൽ നിലനിറുത്തുവാൻ ശ്രമിക്കുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ആൺവഴിയല്ല അവരെല്ലാം സമവഴിയിൽ വരണമെന്നുദ്ദേശിച്ചാണു് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഞാൻ പറഞ്ഞ രണ്ടു പ്രധാന സംഗതികളാണു് എനിക്കു ഈ സഭയിലെ അംഗങ്ങളുടെ ദൃഷ്ടിയിൽ പെടുത്തുവാനുള്ളതു്.

Mr. V. J. Mathai *(Planters):* Without interruption, cannot all these difficulties be obviated by executing a will?

LIBRARY ARCHIVES Kerala Legislative Assembly

Mr. T. P. Poulose *(Kanayannur):* That is an argument against the Bill.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മരണപത്രം എഴുതുന്നതെല്ലാം പിതാവിന്റെ ഇഷ്ടാനുസരണമാണു്. ഇപ്പോൾ തൃശ്ശിവപേരൂരിലുള്ള പത്തുപതിനായിരം ക്രിസ്ത്യാനികുടുംബങ്ങളുള്ളതിൽ കഷ്ടിച്ചു പത്തോ മുപ്പതോ വീടുകാർ മാത്രമേ മരണപത്രം എഴുതുവാനുണ്ടാകയുള്ളു. ഈ ബിൽ ഇങ്ങിനെതന്നെ പാസാക്കുന്നതായിരുന്നാൽ എല്ലാവരും മരണപത്രം എഴുതിക്കൊള്ളണമെന്ന സിദ്ധാന്തിക്കുന്നതുപോലെയായിരിക്കും.

മിസ്റ്റർ എ. വി. മൂത്തേടൻ: കത്തോലിക്കരുടെ പള്ളിയിൽ പഠിച്ചിട്ടില്ലേ മരണപത്രം എഴുതിവെക്കണമെന്നുള്ളതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ പള്ളിയിൽ പഠിപ്പിക്കാറില്ല. മതസംബന്ധമായ കാര്യങ്ങളിലല്ലാതെ പണസംബന്ധമായ കാര്യങ്ങളിൽ ഇടപെടുവാൻ പള്ളിക്കു അവകാശമില്ല. അങ്ങിനെ ഒരു പള്ളിയും ഇടപെടുകയുമില്ല. ഇടപെട്ടാൽ അതു സമ്മതിച്ചുകൊടുക്കുവാൻ ഞങ്ങളും തയ്യാറുമില്ല. നൂറുക്കു രണ്ടു ആളുകളും മരണപത്രം എഴുതിവെക്കാറില്ല. എഴുതണമെന്നു നിർബ്ബന്ധമുണ്ടെന്നും തോന്നുന്നില്ല.

Mr. M. K. Devassy *(Adur):* The Church is not insisting upon equal shares.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സാമുദായികമായ നിലയിൽ ആളുകളെല്ലാവരും നടക്കണമെന്നാണു പള്ളിയിൽനിന്നും പഠിക്കുന്നതു്. മരണപത്രം എഴുതിവെക്കണമെന്നു നിർബ്ബന്ധിക്കുവാൻ ഒരു പള്ളിക്കും ഒരു സഭക്കും അധികാരമില്ലതന്നെ. മൂന്നിലൊരുഭാഗം വെച്ചിട്ടുള്ളതുതന്നെ ആദ്യകാലത്തെ നടപടിയനുസരിച്ചു അധികമാണു്. ഇന്നത്തെ നിലയിൽ ചുറ്റുപാടുകളനുസരിച്ചു നോക്കുമ്പോൾ ഈ സമുദായം പുരോഗമിക്കുന്നതിനു പകരം അധഃപതിക്കുകയാണു് ചെയ്യുന്നതു്.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: മിസ്റ്റർ ഇയ്യുണ്ണിയുടെ പ്രധാനമായിട്ടുള്ള വാദം അച്ഛനും പെൺമക്കളുംകൂടിയല്ല ബുദ്ധിമുട്ടുന്നതു്, അച്ഛനും ആൺമക്കളുംകൂടിയാണു് ബുദ്ധിമുട്ടനുഭവിക്കുന്നതു് എന്നാണു്. അച്ഛനു് ആൺമക്കളും മാത്രമാണു് ബുദ്ധിമുട്ടനാതെന്നു വരികിൽ ആ ആൺമക്കളുടെ ഭാര്യമാരേയും കുട്ടികളേയും പുലർത്തുന്നതു് അവരല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആൺകുട്ടികൾകൂടി ബുദ്ധിമുട്ടി വളർപ്പിക്കുന്നതിൽ പെൺകുട്ടികൾക്കു അവകാശമില്ല എന്നാണു് പറയുന്നതു്. ആൺകുട്ടികൾ എത്ര പ്രയത്നം ചെയ്യുന്നുവോ ആ പ്രയത്നത്തിനുള്ള ക്രെഡിറ്റ് അവർക്കു കിട്ടണമെന്നേ ഞാൻ വാദിക്കുന്നുള്ളു. പണപ്പെട്ടിയുടെ അടുക്കൽ ആൺകുട്ടികളെ അല്ലാതെ മറ്റാരെയെങ്കിലും നിറുത്തുവാൻ അപ്പനു സമ്മതമുണ്ടായിരിക്കുകയില്ല. ഇതു ബഹുമാനപ്പെട്ട ദിവാൻജിയവർകൾക്കു പ്രത്യേകിച്ചു അറിയാവുന്ന സംഗതിയാണു്. തന്റെ സ്വന്തം ആൺമക്കളെയല്ലാതെ മറ്റാരേയും പണപ്പെട്ടിയുടെ അടുക്കൽ അടുപ്പിക്കുകയില്ല. അങ്ങിനെ മകൻ ഇരുന്നു് ജോലിനോക്കേണ്ട സ്ഥാനത്തു പെൺമക്കളാരും ഇരിക്കാറുമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: അവർക്കുംകൂടി അവകാശപ്പെടുവാനുള്ളതാണു് ഈ ബിൽ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവക്കു കൂടുതൽ അവകാശം കിട്ടുവാൻ വേണ്ടിയുള്ളതാണു് ഈ ബിൽ.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: സ്വന്തം സമ്പാദ്യം പെൺമക്കൾക്കു കൊടുക്കുവാൻ ഇത്രയധികം ബുദ്ധിമുട്ടുന്ന ആളുകളുണ്ടോ പണപ്പെട്ടിയുടെ താക്കോൽ സ്ത്രീകളുടെ പക്കൽ കൊടുക്കുന്നു!

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മക്കളെ എല്പിച്ചിട്ടുള്ള ആ പണം കൊണ്ടുപോയി ഭർത്താവിന്റെ അടുക്കൽ കൊടുക്കാതിരിക്കുവാനാണു്.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: അങ്ങിനെ കൊണ്ടുപോയാൽ അതുപോലെ മകന്റെ ഭാര്യ മറ്റൊരിടത്തുനിന്നു ഇങ്ങോട്ടും കൊണ്ടുവരികയില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ വക സംഗതികളെ സംബന്ധിച്ചു പ്രധാനമായിട്ടു ആലോചിക്കണമെന്നു മാത്രമെ എനിക്കു ഈ സഭ മുമ്പാകെ ധരിപ്പിക്കുവാനുള്ളു. ഈ ഭേദഗതി സമുദായത്തെ ഒന്നായിട്ടു ബാധിക്കുന്നു ഒരു കാര്യമായതുകൊണ്ടു് ഇതിൽ പൊതുജനങ്ങളുടെ അഭിപ്രായംകൂടി എന്താണെന്നറിയുന്നതു് വളരെ ഉപകാരമായിരിക്കും.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഈ നിയമനിർമ്മാണത്തോടു് മിസ്റ്റർ ഇയ്യുണ്ണിയും മറ്റു ക്രിസ്ത്യാനിമെമ്പർമാരും എടുക്കുന്ന നിലയോടു് യോജിക്കണമെന്നാണു് ഞാൻ വിചാരിച്ചിരുന്നതു്. ഈ സംഗതിയിൽ ക്രിസ്ത്യൻ സ്ത്രീകളുടെ അഭിപ്രായം ഇന്നതാണെന്നുള്ളതു് യാതൊരു സംശയവും കൂടാതെ നമുക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ ബില്ലിനെ സംബന്ധിച്ചു് ഇവിടത്തെ കൺവെൻഷന്നു തടസ്ഥം വരാതെതന്നെ ക്രിസ്ത്യാനികളെപ്പോലെതന്നെ എല്ലാവക്കും അഭിപ്രായം പറയുവാൻ സാധിക്കും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഒരു സംഗതി പറയാനുണ്ടു്. ഇവിടെ ഈഴവബില്ൽ പാസ്സാക്കുമ്പോൾ ഒരു ഈഴവസ്ത്രീ ഈ നിയമസഭയിലുണ്ടായിരുന്നുവെങ്കിൽ അവരുടെ അഭിപ്രായമെന്തായിരിക്കുമെന്നുള്ളതു് അപ്പോൾ അറിയാമായിരുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: മുഴവനും വേണമെന്നു പറയും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ പറഞ്ഞാൽ മുഴവൻ അവകാശവും വിട്ടുകൊടുക്കുമോ?

മിസ്സിസ്സ് തങ്കമ്മ എൻ. മേനോൻ: ഇവിടെ ഈഴവസ്ത്രീകളുടേയും ക്രിസ്ത്യാനി സ്ത്രീകളുടേയുമെല്ലാം പ്രതിനിധികളായിട്ടാണു് ഞങ്ങളിരിക്കുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: കേവലം ഒരു ക്രിസ്ത്യാനിസ്ത്രീയല്ല, ഒരു നിയമസഭാമെമ്പറായി ഇവിടെയിരിക്കുന്ന ഒരു ക്രിസ്ത്യാനിസ്ത്രീ, ഈവക സംഗതികളെപ്പറ്റി ഒരു അഭിപ്രായം പറയുവാൻ നല്ല യോഗ്യനായ ഒരു ഭർത്താവുമായിട്ടു് വളരെക്കാലം വലിയ വാദപ്രതിവാദങ്ങളെല്ലാം വീട്ടിൽ വെച്ചു് നടത്തിക്കഴിഞ്ഞതിനു ശേഷം (ചിരി) ഭർത്താവിന്നുകൂടി മറിക്കാൻ കഴിയാത്തവിധം ദൃഢാഭിപ്രായമുള്ള ഒരു ക്രിസ്ത്യാനി—ആ സ്ത്രീയുടെ അഭിപ്രായമാണു് ഇവിടെ കേട്ടതു്. ഞാൻ ഒരു സങ്കല്പനിയമസഭയിലെ ഒരു കാര്യം പറയാം. യൂറോപ്പിൽ ഒരു നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു മിസ്റ്റർ മൂത്തേടൻ പെൺകുട്ടികളുടെ അവകാശത്തിനല്ല, അനുജന്മാരുടെ അവകാശത്തിനു വേണ്ടി പ്രൈമോജനിച്ചർ നിയമം ഭേദഗതി ചെയ്യുവാൻ ഒരു ബിൽ കൊണ്ടുവന്നു. ആ ബിൽ കൊണ്ടുവന്ന ആൾ പറഞ്ഞതു് ഷേക്സ്പീയരുടെ വണ്ണനയാണു്. ആ അനുജന്മാർ ജ്യേഷ്ഠന്റെ തൊഴത്തിലെ ചാണകപ്പുഴുക്കളാണെന്നു ഷേക്സ്പീയർ പറഞ്ഞിട്ടുണ്ടു്. അതൊക്കെ ആ മിസ്റ്റർ മൂത്തേടൻ എടുത്തു പറഞ്ഞു. അപ്പോൾ അവിടെയിരുന്ന മിസ്റ്റർ ഇയ്യണ്ണി എഴുന്നേറ്റുപറഞ്ഞു, ആ അനുജന്മാക്കു് അവകാശം കൊടുത്തുകഴിഞ്ഞാൽ എത്രയോ കാലം പാരമ്പര്യമായി നിലനിന്നുപോന്നിട്ടുള്ള കുടുംബം മുഴുവൻ താറുമാറാകും എന്നു്. അച്ഛനും മൂത്ത മകനും ക്രടി വേലചെയ്തു സമ്പാദിച്ച മുതൽ പങ്കിട്ടുകഴിഞ്ഞാൽ അവർ വേറെ പോയി താമസിക്കാനിടയാകും. അതിനാണു് അവകാശം ആവശ്യപ്പെടുന്നതു് എന്നു് അന്നത്തെ മിസ്റ്റർ ഇയ്യണ്ണി വാദിച്ചു. ഞാൻ ഈ സങ്കല്പവിവാദം പറയുന്നതു് ഒരു പ്രയോജനമുദ്ദേശിച്ചാണു്. ദായക്രമം സംബന്ധിച്ചും മറ്റും നാം അഭിപ്രായങ്ങൾ പറയുന്നതിൽ നമ്മൾ പരിചയങ്ങൾക്കു അടിമപ്പെടുന്നതിനു യോജിച്ച തത്വങ്ങൾ പറഞ്ഞുപോകും. ഇവിടെ നാം പറയുന്ന മുഴുവൻന്യായങ്ങളും നമ്മുടെ ശരിയായ അഭിപ്രായമാണെന്നു് തെറ്റിദ്ധരിക്കണ്ടാ. മിസ്റ്റർ ഇയ്യണ്ണിയുടെ വാദങ്ങൾ മുഴുവൻ ഏതാനും കൊല്ലങ്ങൾക്കു മുമ്പുതന്നെ തരിപ്പണമായി കഴിഞ്ഞിട്ടുണ്ടു്. മൂന്നിലൊന്നു കൊടുത്ത അവസരത്തിൽതന്നെ അതെല്ലാം തകർന്നു.

മിസ്റ്റർ ടി. പി. പൌലോസു്: മൂന്നിലൊന്നു കൊടുത്തിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: മൂന്നിലൊന്നു എങ്ങിനെ കൊടുത്തോ അങ്ങിനെ സമം കൊടുക്കണമെന്നു മാത്രമേ ഇപ്പോൾ ആവശ്യപ്പെടുന്നുള്ളൂ.

Mr. T. P. Poulose *(Kanayannur):* There is one difference. There is no absolute provision in the Act unconditionally giving a share to the daughter. Only in cases where *sthreedhanam* is not paid by the father, mother or certain other relatives of a girl, she is entitled to get $\frac{1}{3}$ of the son's share.

മിസ്റ്റർ കെ. അയ്യപ്പൻ: മൂന്നിലൊന്നു കൊടുത്തപ്പോൾ അന്നു് ഈ ന്യായങ്ങളെല്ലാം മിസ്റ്റർ ഇയ്യണ്ണി വാദിച്ചിരിക്കും.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: വാദിച്ചില്ല, അതിനധീനമായി പ്രവൃത്തിച്ചുവെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: മൂന്നിലൊന്നു കൊടുക്കുവാൻ സമ്മതിച്ചതുപോലെ ഇപ്പോൾ സമവീതം കൊടുക്കുവാൻ ആവശ്യപ്പെടുന്നുവെന്നേയുള്ളൂ. ഇവിടെ ഒരു ചാക്കോളയുടെ കാര്യം പറഞ്ഞു. ഒരു കോടങ്കണ്ടന്റെ കാര്യം എന്തുകൊണ്ടു പറഞ്ഞില്ല? ഏതാനും ചാക്കോളമാക്കു കച്ചവടം ചെയ്യുവാൻ വേണ്ടി കോടങ്കണ്ടന്മാർ സ്ത്രീകൾക്കു അവകാശം കൊടുക്കണ്ടാ എന്നു പറഞ്ഞാൽ ശരിയാകുമോ? അതുകൊണ്ടു് ഈവക പരിഷ്കാരങ്ങൾ വരുമ്പോൾ മിസ്റ്റർ ഇയ്യണ്ണി എതിർക്കാതിരിക്കണം. നായർ സമുദായത്തിന്റെ പിന്തുടർച്ചക്രമത്തെപ്പറ്റി മിസ്റ്റർ ഇയ്യണ്ണി പലതും പറയുകയുണ്ടായി. അതു സംബന്ധിച്ചു എനിക്കു സ്വല്പം പറയാനുണ്ടു്.

ഡോക്ടർ എ. ആർ. മേനോൻ: എന്തിനു്?

മിസ്റ്റർ കെ. അയ്യപ്പൻ: മിതാക്ഷരക്കാരുടേയും മറ്റും ഇടയിൽ മക്കത്തായ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ളതു് വെറും ആൺദായമാണു്. പെൺമക്കളെ തള്ളിമാറ്റിട്ടു് ആൺമക്കൾക്കു് അവകാശം കൊടുക്കുന്നതാണു് ആ ദായം. ശരിയായ മക്കത്തായം എല്ലാ മക്കൾക്കും അവകാശം ഉള്ള നായന്മാരിലാണു് നടപ്പായിവരുന്നതു്. അവർ ഇപ്പോൾ ആൺമക്കൾക്കും പെൺമക്കൾക്കും ഒരുപോലെയുള്ള അവകാശം കൊടുക്കുന്ന മക്കത്തായം സ്വീകരിച്ചിട്ടുണ്ടു്. മരുമക്കത്തായത്തിൽ നിന്നു നായന്മാർ ശരിയായ മക്കത്തായത്തിൽ എത്തി. ആ ദായക്രമമാണു് ലോകത്തിൽ എവിടേയും ഇനി, സ്വകാര്യസ്വത്തു് അനുസരിക്കുന്ന സമുദായക്രമം നിലനില്ക്കുമെങ്കിൽ, സ്വീകരിക്കാൻ ഇടയുള്ളതു്.

Mr. T. P. Poulose *(Kanayannur):* Sir, I oppose this Bill.

Mr. P. Govinda Menon *(Mulakunnathukavu):* I thought so.

Mr. T. P. Poulose *(Kanayannur):* Yes. That shows that you are a correct reader of what is going on.

According to the existing Act a daughter is to get 1/3 of a son's share. This Bill seeks to give equal shares to sons and daughters. This Bill has been supported by an argument based upon a theory that man and woman are equal. This theory is undoubtedly tempting. Any insistence on equality has about it the glamour of modernism. When it is man's insistence on women's equality with him there is the glitter of chivalry in addition. But a closer study of the question reveals to us that abstract conceptions of equality have only a place of minor importance in the determination of questions of succession. Every community must have rules of succession adapted to suit its social conditions and customs and its economic life and environments. We find the Marumakkathayam community on the Malabar coast having developed a customary law of succession quite different from those obtaining elsewhere in any part of the world. I am not referring to the existing Act. Under the customary law of Malabar, if a male died intestate his property devolved on his thavazhi, his widow and children having no right of inheritance. I am not standing against giving equal rights to daughters and sons if the consensus of the opinion of the community is so. But my point is different. My point is, at every stage of the development of the life of a community it must have laws of succession adapted to suit the conditions of its social and economic life. Under the customary law of Malabar, if a Nair died intestate his separate property devolved on his Thavazhi, and his widow and children did not get any share in the inheritance. Thavazhi means his sisters and their children and even more remote relatives. You may examine different systems of law. You will find no uniformity between one system of inheritance and another.

Mr. V. J. Mathai *(Planters):* There are a number of cases.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. P. Poulose *(Kanayannur):* I say there is no uniformity. There may be points of similarity, as, after all, they are all rules of succession. It is necessary for us to understand what exactly is the sense of the community and what exactly is the nature of the social and economic life of the community. It is an undoubted fact that the Christian community has a predominant family bias. That is to say the members of the community have a desire to see that their property devolves upon such of the descendants as are to continue the family. Another feature is that the Christian family is an agnatic group, that is, it consists of descendants tracing their relationship to a common ancestor through males. Another fact that we have to bear in mind is the Christian conception of marriage. These are all facts which have influenced the system of succession. The Christian marriage is a permanent and indissoluble tie sacred and religious. The idea is that as soon as the marriage is over the two personalities of man and woman merge into one. The woman on her marriage becomes transferred from the family of her birth to that of her husband. It is as if from a family tree a twig is separated and grafted to another tree. That also is the Mithakshara system of law. Under the Mithakshara law the woman has no right of inheritance. I have no objection to women being given equal shares if there is such a tendency in the community. What I say is there is no virtue in asking for equal shares if that demand is simply based upon the abstract proposition that man and woman are equal. I will show how discrepancies and incongruities will arise if that argument is accepted.

The Christian community recognises the absolute powers of the owner of property to dispose of the same as he pleases either by executing wills or otherwise. The father can dispose of his property as he pleases by will or by other documents. The father may disinherit all his children and give his property according to his own whims and fancies even to strangers. So much so it becomes all the more necessary that the rules that we are to formulate for intestate succession should be adapted to the tendencies of testamentary succession. We cannot effect a reform in the trend of succession in the Christian community simply by writing a few sections in the statute book. If you make a law inconsistent with the sense and sentiments of the owners of property in that community they will see that their property devolves in a manner agreeable to their sentiments and not according to a law repugnant to them.

I have explained two factors: the agnatic bias existing in the community and absolute powers of disposition which the owner of property in the Christian community has got. We will examine the

LIBRARY ARCHIVES Kerala Legislative Assembly

existing statute. We shall see what exactly are the principles underlying the existing statute. I am answering one of the arguments of the hon'ble member for Kanayannur Ezhuvas.

Mr. K. Ayyappan *(Ezhuvas-Kanayannur):* This is only an extension of the previous Act. You will not be able to answer my question.

Mr. T. P. Poulose *(Kanayannur):* I will attempt.

There is a section in this Act which I shall read: "Notwithstanding anything in the foregoing provisions of this Act, when a *sthreedhanam* has been given or contracted to be given by the father, mother, paternal grand-father or paternal grand-mother of a woman to or in trust for, her, neither the said woman nor any lineal descendant of hers as such, shall be entitled to a distributive share in the property of any of them dying intestate", etc.

Mr. A. V. Moothedan *(Chalakkudi):* That shows that the intention of the legislature then was to give only so much.

Mr. T. P. Poulose *(Kanayannur):* The *sthreedhanam* is paid at the time of the girls' marriage. Under the customary practice in the community the sons alone inherit the father's property. A practice grew up in the community of paying dowry or *sthreedhanam* to the daughter at the time of her marriage. The amount of *sthreedhanam* in olden days was rather small. But as time advanced and the avarice of intending husbands and their parents grew, the amounts also increased and it became impossible for any girl to be married to a suitable husband of sufficient means or earning capacity without paying a large amount by way of *sthreedhanam.* That was the state of affairs when this law was passed. If the girl was to be married during the father's life-time there was no difficulty. The paternal affection which the father had for the daughter got over the difficulty created by his agnatic bias and the daughter was able to get a fair amount of *sthreedhanam* which secured her a proper husband. Difficulties arose where the father died intestate leaving the daughter unmarried. On such occasions the daughter was completely at the tender mercies of her brothers, as they were the only heirs. It was not certain whether the daughter could enforce the claim for *sthreedhanam* as a legal right or it was only a voluntary payment by the father or by the brother. It was at that time when there was real difficulty experienced by the unmarried daughters that this Act was passed. What did that Act do? The Act provided that an unmarried daughter who had not been paid *sthreedhanam* by the father when he was living should be paid $\frac{1}{3}$ of the son's share from the father's estate. Then it was thought that one-third of a

LIBRARY ARCHIVES Kerala Legislative Assembly

son's share would more or less be equal to the *sthreedhanam* which her father would have paid her if he continued to live till the time of her marriage. Otherwise what is the justification, I would ask, of disinheriting married daughters and giving a $\frac{1}{3}$ share to unmarried daughters?

Supposing there are two sisters of whom one happened to be married during the father's life-time and the other remained unmarried at the time of his death. The married sister who has received the *sthreedhanam* does not get any share in the father's estate, whereas the unmarried sister gets $\frac{1}{3}$ of her brother's share. It was not the intention of the legislature to create any inequity or inequality between the two sisters.

Mr. A. V. Moothedan *(Chalakkudi):* It is impossible to provide for every contingency.

Mr. A. B. Salem *(Mattancheri):* What is it, jack in the box? *(Laughter).*

Mr. T. P. Poulose *(Kanayannur):* It is not a question of providing for a contingency. It is a case of making a special provision in the Act excluding certain daughters from the rights conferred by the statute.

Dr. A. R. Menon *(Minister for Rural Development):* It is only a presumption that the *sthreedhanam* will be $\frac{1}{3}$ of the son's share. Is there anything to show it?

Mr. T. P. Poulose *(Kanayannur):* The Christian Succession Committee Report of Cochin is not very elaborate. But the Christian Succession Committee Report of Travancore went into the question in detail. In Travancore they have done also one thing. There they say, in case the daughter's share is above Rs. 5,000, Rs. 5,000 only need be paid as her share. That was the maximum amount that would in those days be given to a girl by way of dowry.

Mr. A. V. Moothedan *(Chalakkudi):* But there are several families there who could pay more than Rs. 10,000. For example there is the Parayil family.

Mr. T. P. Poulose *(Kanayannur):* If there is a Parayil family which is in a position to pay Rs. 10,000 as dowry, that family estate also will be worth a large amount, so that 1/3 of a son's share will be more than Rs. 10,000. The reduction of the share to 1/3 in the case of an unmarried daughter and the exclusion of the married daughter from inheritance was, as already explained, based upon a

LIBRARY ARCHIVES Kerala Legislative Assembly

definite principle. So it is not on an absolute recognition of the rights of succession of daughters that the existing Act is based.

Now let us see how the present Act would work. Mr. Moothedan admits that he does not want to take away the provision in the existing Act, excluding from inheritance daughters who have received *sthreedhanam*, but at the same time he wishes to give the unmarried daughter an equal share with her brother. I say if this Act is not to be a camouflage of progressivism, this section should be the first section that has to be repealed. You are building on the very basis on which the existing Act is based, but you are building up a structure which is thoroughly inconsistent with the base and incongruous with the other sections in the Act. What will be the result? Suppose the father dies, as I pointed out before, leaving one daughter married and another unmarried. The married daughter has been paid *sthreedhanam* by her father during his life-time. There is a son also. The unmarried daughter will get half of the entire property of her father. The married daughter will not get anything. This Bill, therefore, will create, instead of equality between daughter and son, inequality between daughter and daughter.

Mr. A. V. Moothedan *(Chalakkudi):* Oh, it is very hard!

Mr. President : I think this a very important point to be considered. All these aspects have not been brought out before.

Mr. T. P. Poulose *(Kanayannur):* Inequality between the daughter and the daughter is the result.

The father has got the powers of absolute disposition. There is the possibility of writing a will and defeating the provisions of this Act. Why do you want such a Bill or such an Act? If this Bill is against the sense of the owners of property and if they have got absolute powers of disposition, the provisions of this Bill can take effect only in cases where the father is unable to execute a will before he dies, *i.e.*, where he meets an accidental premature death.

Dr. A. R. Menon *(Minister for Rural Development):* There are a large number of people who are careless in executing wills.

Mr. T. P. Poulose *(Kanayannur):* Every man will take care to execute a will if the law is repugnant to his sense. Therefore the right of the father to execute a will, instead of being an argument in favour of the Bill, is really an argument against it. If the Bill is repugnant to the sense of the owners of the property.....

Mr. A. V. Moothedan *(Chalakkudi):* How can you say that?

Mr. T. P. Poulose *(Kanayannur):* If the provisions of the

LIBRARY ARCHIVES Kerala Legislative Assembly

Bill are repugnant to the sense of the owners of property, this Bill can take effect only in cases where the father accidentally dies without being able to execute a will. We are thus creating discrepancies in succession by enacting a law which is repugnant to the sense of the community which, at the same time, recognises absolute powers of disposition for the owner of the property. You may enact any law where there is a joint family system or where the manager of the joint family or the *karanavan* of the *Marumakkathayam tarawad* has not got the power to deal with his properties as he likes *(Hear, hear)*. Good or bad that law will yield uniform results. But, in the case of this Bill, you are dealing with a community which recognises the power of the owner of property to dispose of the same as he pleases. I would state this as a general proposition that the rules of intestate succession should generally adapt themselves to the tendencies of testamentary succession in communities which recognise absolute powers of testamentary disposition for those who are owners of property. *(Hear, hear)*.

That, I venture to submit, is a general proposition which this legislature ought to recognise, and that proposition completely applies to this particular case. I can understand the position of the mover, if he had argued that there is a change in the consciousness and sentiments of the community and that fathers are, even though there is no law, when they execute wills or divide their properties, giving equal shares to sons and daughters, or shares more or less equal. If that was the argument I could have understood it, and if that was the real position, a law could have been enacted on that line. If the owners of property dispose of their property in such a way as to give equal shares to their sons and daughters, the legislature has a duty to provide for equal shares in intestate succession, so that, if a man accidentally dies without being able to execute a will nobody might suffer. To the social reformers I would make the request not to make rules repugnant to the sense of the community, but if they think that daughters should have equal shares with the sons, to educate the community and teach and advise them and carry on propaganda till the sense of the community is changed according to their views.

Dr. A. R. Menon *(Minister for Rural Development):* Are there any cases to your knowledge where the father has distributed his properties equally between his sons and daughters?

Mr. T. P. Poulose *(Kanayannur):* As far as I know, there has not been any such case.

Mr. President: That is an important point. From that you

LIBRARY ARCHIVES Kerala Legislative Assembly

could draw the inference that the tendency of testamentary succession is not in favour of giving equal shares to the sons and daughters.

Mr. T. P. Poulose *(Kanayannur):* On the other hand, even though there is a provision, in the new Act giving the daughter a $\frac{1}{3}$ share what really takes place in the community is this. When the girl is married, even if it be after the father's death, the husband's people insists that they should get the *sthreedhanam* in ready cash then and there, and *sthreedhanam* is paid.

Mr. A. V. Moothedan *(Chalakkudi):* If a share is given they won't insist on *sthreedhanam.*

Mr. T. P. Poulose *(Kanayannur):* That is a meaningless argument. Suppose there is a provision in the Act to the effect that the daughter should get a share equal to that of the son. As long as the father is living, where is the guarantee that she will get that share? The husband's people will always insist that *sthreedhanam* should be paid then and there, since as long as the conditions in the community remain what they are, there is no guarantee that the father will give the daughter an equal share or die intestate. The husband's people will press for *sthreedhanam.*

Dr. A. R. Menon *(Minister for Rural Development):* Even before the marriage?

Mr. T. P. Poulose *(Kanayannur):* No. At the time of the marriage. That happens to be one of the terms in the negotiations preceding the marriage.

It is more or less a sort of commercial transaction. Of course, there are several arguments against this dowry system. But we are not upon that point now. By this Bill you are creating discrepancies and anomalies and providing for windfalls and lightning strokes. For an unmarried daughter, who happens to survive a father who meets an accidental death, will, by this Bill, get the windfall of an inheritance. For the son, who was expecting the entire inheritance, the father's intestacy will be a lightning stroke. For the married sister this will cause some aching of heart as her sister will get so much out of her father's estate, while she gets nothing, on account of the discrepancies in the law which we pass.

There was another argument advanced by Mr. Mathai, that there is a provision in the Indian Succession Act giving equal shares to sons and daughters. That argument is found supported in a Madras daily of great reputation and standing. So I will refer to it briefly. The Christians in Travancore and Cochin form a homogeneous community with definite customs, habits and a large number

LIBRARY ARCHIVES Kerala Legislative Assembly

